# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.916 — 07/02/2013-ൽ മറുപടിയ്ക്ക്

## വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.ഹംസ | | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | വരൾച്ചയുടെ കാഠിന്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ജില്ലയാണ് പാലക്കാട് എന്ന റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | വരൾച്ചയുടെ കാഠിന്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ജില്ലയാണ് പാലക്കാട് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജലവിഭവ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി എന്തെല്ലാം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | സി) | വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അവ തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ജലവിഭവ വകുപ്പ് റവന്യൂ വകുപ്പുമായി സംയക്തമായി നാളിതുവരെ പദ്ധതികൾ വിഭാവനം ചെയ്തിട്ടില്ല.<br>1) ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>2) കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.<br>3) പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.<br>4) വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക. |

5) സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.
6) തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.
7) ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സു കളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.
8) കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക.
9) പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം നൽകുക മുതലായവ
10) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേരളാ വാട്ടർ അതോറിറ്റിക്ക് 57 കോടി രൂപയും ഇറിഗേഷൻ വകുപ്പിന് 22 കോടി രൂപയും, ഭൂഗർഭ ജലവകുപ്പിന് 13 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലാ കളക്ടർ മാർക്കും എത്ര ഫണ്ട് വീതം അനുവദിച്ചി ട്ടുണ്ട്; ജില്ലാ അടിസ്ഥാ നത്തിൽ വ്യക്തമാ ക്കാമോ | ഡി) & ഇ) ജലവിഭവ വകുപ്പിൽ നിന്നും ജില്ലാകളക്ടർമാർക്ക് തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ പാലക്കാട് ജില്ലാകളക് ടറുടെ നേതൃത്തിൽ എടുത്ത യോഗ തീരുമാന പ്ര കാരം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. 11/01/2013-ൽ പാലക്കാട് കളക്ട്രേറ്റിൽ റവന്യൂ സെക്രട്ടറി നടത്തിയ വീഡിയോ, കോൺഫ റൻസിൽ നിർദ്ദേശിച്ചതനുസരിച്ച് കാഞ്ഞിരപ്പുഴ പദ്ധതിയിൽ വരൾച്ച നേരിടുന്നതിനായി 90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ജില്ലാകളക്ടർക്ക് അയ ച്ചിട്ടുണ്ട്. |
| ഇ) പ്രസ്തുത ഫണ്ട് ഉപ യോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ അടി യന്തിരമായി ചെയ്തു തീർക്കുന്നതിനാണ് നിർദ്ദേശം നൽകിയി രിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ